(ബി) മാവിൻ തൈ വിതരണത്തിന് പല പഞ്ചായത്തുകളിലും മെമ്പർമാർ അനധികൃതമായി കർഷകരിൽ നിന്നും പണം ഈടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ അനധികൃതമായി തുക ഈടാക്കിയവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മാവിന്റെ വിള വിസ്തൃതി വ്യാപനം എന്ന ദേശീയ ഹോർട്ടികൾച്ചർ മിഷൻ ഘടകം ഒരു വീട്ടിൽ ഒരു മാവ് എന്ന പേരിൽ 2011-12 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം വിവിധ പഞ്ചായത്തുകളിലായി 722670 മാവിൻ തൈകൾ വിതരണം ചെയ്തു. കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി 2014-15 സാമ്പത്തിക വർഷത്തിൽ 556 പഞ്ചായത്തുകളിലായി 16,68,000 മാവിൻതൈകൾ വിതരണം ചെയ്തു വരുന്നു. മാവിൻതൈ വിതരണത്തിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കെയ്കോ), ഹോർട്ടികോർപ്പ്, M/s. ഗ്രീന മെഡൊസ് അഗ്രി ഹോർട്ടിസൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എറണാകുളം, വൃക്ഷാ നേഴ്സറി വയനാട്, ആർ.എ.ആർ.എസ്. അമ്പലവയൽ, ആറളം ഫാം എന്നിവരെയാണ് ചുമതലപ്പെടുത്തിയിരുന്നത്. മാവിൻ തൈയ്ക്ക് കർഷകരിൽനിന്നും തുക ഈടാക്കിയിരുന്നില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അന്വേഷിക്കുന്നതാണ്.

കശുമുളക് വിലയും ഇറക്കുമതിയും

149 (2983) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് എതെല്ലാം രാജ്യങ്ങളിൽ നിന്ന് കശുമുളക് ഇറക്കുമതി ചെയ്യുന്നുണ്ട്;

(ബി) വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതിമൂലം കശുമുളകിന്റെ വില കുറയുന്നതായും, കേരളത്തിലെ കർഷകർക്ക് അർഹമായ വില ലഭിക്കുന്നില്ലെന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിലെ കശുമുളക് കർഷകരുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രീലങ്ക, മലേഷ്യ, ഇന്തോനേഷ്യ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽ നിന്നും കശുമുളക് ഇറക്കുമതി ചെയ്യുന്നുണ്ട്.

(ബി) വിദേശ രാജ്യങ്ങളിൽനിന്നുള്ള ഇറക്കുമതിമൂലം കശുമുളകിന്റെ വിലയിൽ കുറവുണ്ടാകുന്നുണ്ട്.

(സി) കശുമുളക് കർഷകർക്ക് പ്രോത്സാഹനമെന്ന നിലയിൽ താഴെച്ചേർക്കുന്ന പദ്ധതികൾ സൈസസ് ബോർഡ് നടപ്പിലാക്കുന്നുണ്ട്.

1. കശുമുളകിനുള്ള മെതിയന്ത്രത്തിന് 50 ശതമാനം സബ്സിഡി (പരമാവധി 15000 രൂപ)നൽകുന്നു.

2. കശുമുളക് ഉണക്കുന്നതിനുള്ള 12'x6' അളവിലുള്ള 200 രൂപ വിലമതിക്കുന്ന മുളപായകൾക്ക് ടൈബൽ വിഭാഗത്തിൽപ്പെട്ടവർക്ക് 90 ശതമാനവും മറ്റുള്ളവർക്ക് 50 ശതമാനവാം സബ്സിഡി അനുവദിക്കുന്നു.

3. കശുമുളക് വിളവെടുക്കുന്നതിന് അലുമിനിയം ഏണി വാങ്ങുന്നതിന് 50 ശതമാനം സബ്സിഡി (പരമാവധി 5,000 രൂപ) അനുവദിക്കുന്നു.

4. കശുമുളക് ക്ലീനിംഗിനും ഗ്രേഡിംഗിനുമുള്ള യന്ത്രങ്ങൾ വാങ്ങുന്നതിന് 50 ശതമാനം നിരക്കിൽ (പരമാവധി 35,000 രൂപ) സബ്സിഡി അനുവദിക്കുന്നു.

നെൽകൃഷി വർദ്ധനവ്

150 (2984) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ നെൽകൃഷി വർദ്ധനവിലൂടെയുള്ള നെല്ലുല്പാദനത്തിന്റെ വിശദവിവരം നൽകുമോ; ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചു; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?